# കുളവാഴ



ജലാശയമെവിടെയുണ്ടോ അവിടെയെല്ലാം കുളവാഴയുമുണ്ട്. കേരളത്തിന്റെ തെക്കേ പാതി കായലുകളാൽ സമൃദ്ധമാണ്. ഈ കായലുകളുടെ ഒരു പ്രത്യേകത അവക്കിടയിൽ കുളവാഴകൾ പൂക്കുകയും തളിർക്കുകയും ചെയ്യുന്നു എന്നതാണ്.

ക്ഷണനേരംകൊണ്ട് ഒരു കായൽ അത്രയും പരന്ന് വളരുന്ന കുളവാഴയുടെ ശരീരഘടന നോക്കൂ. വെള്ളത്തിന് മുകളിലായി കിടക്കുന്ന പച്ച ഇലകൾ വായു നിറഞ്ഞതും ഇലത്തണ്ട് സ്പോഞ്ച് പോലുള്ളതുമാണ്. ഈ വായു അറ കാരണം വെള്ളത്തിൽ പൊങ്ങിക്കിടക്കാൻ സാധിക്കുന്നു. വെള്ളത്തിനടിയിലായി നിരവധി നാരുവേരുകൾ. വേരുകൾ മണ്ണു തൊടില്ല.

മണ്ണിൽ ഉറക്കാത്തതിനാൽ ഇവയ്ക്ക് വെള്ളത്തിലൂടെ ഒഴുകി നടക്കാം. പൂക്കുന്ന കാലത്തെ വയലറ്റ് പൂക്കൾ അതിമനോഹരമാണ്. കുളവാഴ ലക്ഷക്കണക്കിന് ചേർന്നാണ് ഒരു കായൽ നിറഞ്ഞുനിൽക്കുന്നത്. കുളവാഴ പരന്നു കിടക്കുന്നതു കണ്ട് മൈതാനമെന്ന് കരുതി ഓടിക്കളിക്കാൻ

ഏറ്റവും കാഠിന്യം കൂടിയ ലോഹം– ക്രോമിയം



നോക്കേണ്ട, അടിയിലെ കായലിൽ ആണ്ടുപോവും.

മണ്ണിൽ വേരാഴ്ത്തി നിൽക്കുന്ന സെക്വായ മരങ്ങളെപ്പോലെ ആയിരക്കണക്കിന് വർഷങ്ങൾ ജീവിക്കണമെന്ന് കുളവാഴ കൊതിച്ചിട്ട് കാര്യമില്ല. കായലിലെ ഓളങ്ങൾക്കൊത്ത് നർത്തനം ചെയ്യുന്ന ഈ പച്ചപ്പ് കരിഞ്ഞ് അടിയാൻ നിമിഷങ്ങൾ മതി. എന്നാലോ വർഷക്കാലത്ത് ഇടവപ്പാതിയും തുലാവർഷവും പെയ്യുമ്പോൾ വെള്ളത്തോടൊപ്പം കുത്തിയൊലിച്ചു പടിഞ്ഞാറ് അറബിക്കടലിലെത്തും. അപ്പോൾ ജലസമൃദ്ധിയിൽ കുളവാഴ നിറഞ്ഞു പൊങ്ങും. പിന്നെ കടലിൽ ബോട്ടിനോടാൻ ഒക്കെ തടസ്സമാകും.

കായലും കടലും ചേരുന്ന കുട്ടനാട്ടിലെ തണ്ണീർമുക്കം ബണ്ട് തുറക്കുമ്പോൾ ഒഴുക്കു നിലച്ച കായലിലേക്ക് ഓരുജലം ഇരച്ചുകയറും. ആ കായലിൽ തന്നെ കുളവാഴകളുടെ അന്ത്യ വിശ്രമവും. ആളുകൾ അത് കോരി വളമാക്കും. കോശങ്ങളോരോന്നിലുമായി ഓര് കയറുമ്പോൾ ഹരിതകണങ്ങൾ നശിച്ചുപോവും. പ്രകാശസംശ്ലേഷണം നടക്കാതാവും. സസ്യശരീരം കരിഞ്ഞുണങ്ങും. ജീവനൊടുങ്ങും.

ഇങ്ങനെയൊക്കെയാണേലും ഉപ്പിനെ നേരിടുന്ന സസ്യങ്ങളുമുണ്ട്. ഓരു കേറുന്നേടം കാണുന്ന നാനാജാതി കണ്ടലുകൾ. അവക്ക് തനതായ പ്രതിരോധങ്ങളുണ്ട്. അവയുടെ ഇലയിൽ മെഴുകിന്റേതായ ഒരു ആവരണമുണ്ട്. ഉപ്പുവെള്ളം തട്ടുമ്പോൾ ഉപ്പ് ഇലയിലെ രന്ധ്രങ്ങൾക്കരികിൽ അടിഞ്ഞുകൂടും. അങ്ങനെ കണ്ടൽ ചെടികൾ രക്ഷപ്പെടും.




ഏറ്റവും കൂടുതൽ വലിച്ചു നീട്ടാവുന്ന ലോഹം– സ്വർണം